**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2601 14.02.2013-ൽ മറുപടി നൽകേണ്ടിയിരുന്നത്**

**സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. വി. വിജയദാസ്** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ)സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരെ ഫാസ്റ്റ് ട്രാക്കിൽ നിയമിക്കുന്നതിന് കൈക്കൊണ്ട നടപടികളുടെ പുരോഗതി വ്യക്തമാ ക്കുമോ; | (എ) ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻ തസ്തികയുടെ അഭിമുഖ പരീക്ഷ 19.01.2013-ന് അവസാനിച്ചു. റാങ്ക് പട്ടിക തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. |
| (ബി) ഇതിലേയ്ക്കായി എത്ര ഡോക്ടർമാരുടെ ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ; | ബി) 16.11.2012-ലെ സർക്കാർ ഉത്തരവ് G.O(MS)No.387/2012/H&FWD ന്റെ അടിസ്ഥാനത്തിൽ അടിയന്തിര സ്വഭാവം പരിഗണിച്ചാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. പ്രതീക്ഷിക്കാവുന്ന ഒഴിവുകൾ എന്നാണ് വിജ്ഞാപനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള 45 ഒഴിവുകളാണ് നിയമന ശുപാർശയ്ക്കായി അവശേഷിക്കുന്നത്. നിലവിലുള്ള റാങ്ക് ലിസ്റ്റിൽ അവശേഷിക്കുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും ഒഴിവുകൾ നികത്തുന്നതാണ്. |
| (സി) എഴുത്ത് പരീക്ഷ ഒഴിവാക്കി ഇക്കാര്യത്തിൽ എന്തെല്ലാം മാനദണ്ഡങ്ങളാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി സ്വീകരിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ; | സി) എം.ബി.ബി.എസ് (ഫൈനൽ) പരീക്ഷയുടെ ശതമാനം മാർക്ക് + ഇന്റർവ്യൂ മാർക്ക് ഔട്ട് ഓഫ് 20 (നിലവിലുള്ള basis of marking ഇതിനും ബാധകമാണ്) |

| | |
|---|---|
| (ഡി) വിദേശ രാജ്യങ്ങളിൽ നിന്നും മെഡിക്കൽ ബിരുദം നേടിയവരുടെ കാര്യത്തിൽ എന്തെങ്കിലും പ്രത്യേക മാനദണ്ഡം സ്വീകരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ, വിശദാംശം നൽകുമോ; | ഡി) & ഇ) വിദേശ സർവ്വകലാശാലകളിൽ നിന്നും എം.ബി.ബി.എസ് യോഗ്യത നേടിയ ഉദ്യോഗാർത്ഥികളുടേയും ഇന്ത്യൻ സർവ്വകലാശാലകളിൽ നിന്നും യോഗ്യത നേടിയ ഉദ്യോഗാർത്ഥികളുടേയും മാർക്കിന്റെ ശതമാനത്തിലുള്ള വ്യത്യാസം കമ്മീഷന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പ്രസ്തുത വിഷയം കമ്മീഷന്റെ പരിഗണനയിലാണ് |
| (ഇ)വിദേശ രാജ്യങ്ങളിൽ നിന്നും ബിരുദം നേടിയ ഡോക്ടർമാരുടേയും ഇന്ത്യയിൽ നിന്ന് ബിരുദം നേടിയവരുടെയും മാർക്കിൽ പ്രകടമായ വ്യത്യാസം ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ? | |

Sobha

സെക്ഷൻ ഓഫീസർ